**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4089 16.03.2017 ന് മറുപടിയ്ക്ക്

**വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസകേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.ദിവാകരൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭക്ഷണത്തിനും വെള്ളത്തിനും ഉണ്ടായ ദൗർലഭ്യം കാരണം വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ വനത്തിനുള്ളിൽ ഭക്ഷണത്തിന്റേയും ജലത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക് ഡാമുകളും, 500-ഓളം ജലസ്രോതസ്സുകളും നവീകരിക്കുകയും, കുളങ്ങൾ വൃത്തിയാക്കുകയും, ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ പൂർണ്ണമായും നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം സംസ്ഥാനത്തെ വനമേഖലയിൽ 477 ഹെക്ടർ സ്ഥലത്ത് മുള തൈകൾ പുതിയതായി നട്ടു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷി നശിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷി നശിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സർക്കിൾ | ഡിവിഷൻ | സ്ഥലങ്ങൾ |
|---|---|---|
| അഗസ്ത്യ വനം | തിരുവനന്തപുരം വൈൽഡ് ലൈഫ് | പൊടിയംഭാഗം, കമലകം സെറ്റിൽമെന്റ്, സ്വർണ്ണക്കോട്, വാലിപ്പാറ, ചേനാംപാറ. |
| | ശെന്തുരുണി വൈൽഡ് ലൈഫ് | കട്ടിളപ്പാറ, റോസ്മല |
| സതേൺ സർക്കിൾ | തിരുവനന്തപുരം | കല്ലാർ, പരുത്തിപ്പള്ളി, വെള്ളറട, വിതുര, വട്ടക്കരിക്കകം, മാത്രക്കരിക്കകം |
| | തെന്മല | കല്ലുവരമ്പ്, വില്ലുമല, മാമ്പഴത്തറ, ഉറുകുന്ന്, ഇടമൺ, ഒറ്റക്കൽ, ഇരുളക്കാട് |
| | പുനലൂർ | തിങ്കൾക്കരിക്കകം, കുളത്തുപ്പുഴ, ചിതറ, കടമാൻകോട്, മാർത്താണ്ടംകര, പുറവന്തൂർ, കടശ്ശേരി, വെള്ളംതെറ്റി, അമ്പനാർ, കടയ്ക്കാമൺ, പാടം, മാങ്കോട് |
| | റാന്നി | ചിറ്റാർ, തണ്ണിത്തോട്, കൊട്ടമുടി, പൂതക്കുളം, കുറമ്പൻമൂഴി, പുതുശ്ശേരിമല, സീതത്തോട്, മലയാലപ്പുഴ, അരയാഞ്ഞിലിമൺ, ഇടമുറി, കുമ്പളത്താമൺ, തുലാപ്പള്ളി, കുടമുരുട്ടി, മുക്കുഴി, മന്ദിരം, മക്കപ്പുഴ, ഉദിമൂട്, ഇടക്കുളം |
| | കോന്നി | കോന്നിയുടെ വനാതിർത്തി പ്രദേശങ്ങൾ. |
| | അച്ചൻകോവിൽ | അച്ചൻകോവിലിന്റെ വനാതിർത്തി പ്രദേശങ്ങൾ. |
| ഹൈറെയിഞ്ച് സർക്കിൾ | കോട്ടയം | തങ്കമണി, രാജാകണ്ടം, കൊയിനാട്, പെരുമ്പന്താനം, 504 കോളനി, പാക്കാനം, പുഞ്ചവയൽ, മണിപ്പുഴ, കോയിക്കക്കാവ്, കാളകെട്ടി, ഇഞ്ചക്കുഴി, കാരിശ്ശേരി, കൊപ്പം, നെടുങ്കാവുവയൽ, അരയൻപാറ, എലിവാലിക്കര, കോട്ടമല, ഉറുമ്പള്ള്. |
| | മൂന്നാർ | സൂര്യനെല്ലി, ചിന്നക്കനാൽ, സിങ്കുകണ്ടം, 301 കോളനി, ബോഡിമെട്ട്, തേവാരംമെട്ട്, കാർഡമം ഹിൽ റിസർവ്വ് പ്രദേശങ്ങൾ, ഇഞ്ചത്തൊട്ടി, പിണവൂർക്കുടി, കാട്ടുകുടി, കുറത്തിക്കുടി, നെല്ലിപ്പാറ, മച്ചിപ്ലാവ്, ചാറ്റുപാറക്കുടി |
| | മറയൂർ | മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, കാരയൂർ |
| | മാങ്കുളം | വിരിപ്പാറ, കണ്ടത്തിക്കുടി, 50 മൈൽ ഭാഗം, മുനിപ്പാറ, കമ്പനിക്കുടി, സിങ്കുക്കുടി, വിരിഞ്ഞപാറ, കോഴിയളക്കുടി, പെരുമ്പൻകുത്ത്. |

| | | |
|---|---|---|
| ഫീൽഡ് ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്വ്), കോട്ടയം | പെരിയാർ ഈസ്റ്റ് | തേക്കടി, വള്ളക്കടവ് |
| | ഇടുക്കി വൈൽഡ് ലൈഫ് | ഇടുക്കി, തട്ടേക്കാട് |
| | മൂന്നാർ വൈൽഡ് ലൈഫ് | ചിന്നാർ, ഷോല നാഷണൽ പാർക്ക് |
| സെൻട്രൽ സർക്കിൾ | തൃശ്ശൂർ | തൃശ്ശൂരിന്റെ വനാതിർത്തി പ്രദേശങ്ങൾ |
| | മലയാറ്റൂർ | മലയാറ്റൂരിന്റെ വനാതിർത്തി പ്രദേശങ്ങൾ |
| | ചാലക്കുടി | ചാലക്കുടിയിലെ വനാതിർത്തി പ്രദേശങ്ങൾ |
| ഈസ്റ്റേൺ സർക്കിൾ | നെന്മാറ | ആലത്തൂർ, കൊല്ലങ്കോട്, നെല്ലിയാമ്പതി |
| | പാലക്കാട് | വാളയാർ, ഒറ്റപ്പാലം, ഒലവക്കോട് |
| | മണ്ണാർക്കാട് | അട്ടപ്പാടി, അഗളി, മണ്ണാർക്കാട് |
| | നിലമ്പൂർ സൗത്ത് | കരുളായ്, കാളികാവ് |
| | നിലമ്പൂർ നോർത്ത് | വഴിക്കടവ്, ഇടവണ്ണ, നിലമ്പൂർ |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | വയനാട് | വയനാട്ടിലെ വനാതിർത്തി പ്രദേശങ്ങൾ |
| | സൈലന്റ് വാലി | സൈലന്റ് വാലിയുടെ വനാതിർത്തി പ്രദേശങ്ങൾ |
| | പീച്ചി | പീച്ചിയിലെ വനാതിർത്തി പ്രദേശങ്ങൾ |
| | ആറളം | ആറളത്തിന്റെ വനാതിർത്തി പ്രദേശങ്ങൾ |
| നോർത്തേൺ സർക്കിൾ | കണ്ണൂർ | കണ്ണൂരിന്റെ വനാതിർത്തി പ്രദേശങ്ങൾ |
| | കാസർഗോഡ് | കാസർഗോഡിലെ വനാതിർത്തി പ്രദേശങ്ങൾ |
| | കോഴിക്കോട് | കോഴിക്കോടിലെ വനാതിർത്തി പ്രദേശങ്ങൾ |

സെക്ഷൻ ഓഫീസർ